LIBRARY ARCHIVES Kerala Legislative Assembly

അട്ടപ്പാടി ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി

79(2547) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; വിശദ വിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ആശുപത്രിയിൽ എത്ര പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ മരണപ്പെട്ടിട്ടുണ്ട്; ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) വിവിധ തസ്തികകളിലായി 22 ഒഴിവുകൾ ഉണ്ട്. വിശദവിവരം അനുബന്ധമായി നൽകിയിരിക്കുന്നു.*

(ബി) പതിമൂന്ന് ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മലേറിയ, ടി.ബി., മെനഞ്ചൈറ്റിസ്, മിൽക്ക് ആസ്പിറേഷൻ, ഹൈപ്പോക്സിക് എൻസഫലോപ്പതി സ്റ്റേജ് 3, എ.ആർ.ഡി.എസ്. (അക്യൂട്ട് റെസ്പിറേറ്ററി ഡിസ്ട്രസ് സിൻഡ്രോം), കൺജനിറ്റൽ ഹാർട്ട് ഡിസീസ്, ബ്രെക്കെറവ്, മാസം തികയാതെയുള്ള പ്രസവം, വൃക്ക തകരാറ്, ഇൻട്രാ യൂട്ടൈറൈൻ ഗ്രോത്ത് റിട്ടാർഡേഷൻ എന്നിവയാണ് മരണകാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത്.

കാസർഗോഡ് താലൂക്ക്, ജില്ലാ ആശുപത്രികളിലെ നഴ്സ് തസ്തികകൾ

80(2548) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായും ജില്ലാ ആശുപത്രി 400 കിടക്കകളുള്ളതായും ഉയർത്തിയെങ്കിലും മുമ്പുണ്ടായിരുന്ന കിടക്കകൾക്കനുസൃതമായ നഴ്സുമാരുടെ തസ്തികകൾ മാത്രമേ രണ്ടിടങ്ങളിലും നിലവിലുള്ളോയെന്ന്, വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത കുറവ് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

നിലവിലെ സ്റ്റാഫ് നഴ്സ് പാറ്റേൺ അനുസരിച്ച് 2 ഷിഫ്റ്റ് ആശുപത്രികളിൽ നഴ്സ് രോഗി അനുപാതം 1:6 ആണ്. ഇതനുസരിച്ച് ജനറൽ ആശുപത്രികളിലെ 212 ബഡ് സ്ട്രെംഗ്തിനു 35 സ്റ്റാഫ് നഴ്സുമാരുടെ തസ്തികകൾ ആണ് വേണ്ടത്. എന്നാൽ ജനറൽ ആശുപത്രിയിൽ നിലവിൽ 67 സ്റ്റാഫ് നഴ്സ് തസ്തികയുണ്ട്. ജില്ലാ ആശുപത്രിയിലെ 400 ബഡ് സ്ട്രെംഗ്ത് അനുസരിച്ച് 66 നഴ്സുമാരുടെ തസ്തികയാണ് ആവശ്യം. ഇപ്പോൾ ജില്ലാ ആശുപത്രിയിൽ 66 നഴ്സുമാരുടെ തസ്തിക നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.